പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 256 — 10.12.2012 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ബലാത്സംഗക്കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;<br>(സി) മുൻ സർക്കാരിന്റെ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ ബലാത്സംഗക്കേസുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മുതൽ (സി) വരെ | കേസുകൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നത് കുറ്റകരമാണെന്ന നിലപാടിന്റെ അടിസ്ഥാനത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി ഡി.ഐ.ജി. ശ്രീ. ശ്രീജിത്തിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം പ്രത്യേക ശ്രദ്ധ ചെലുത്തി പഴയതുൾപ്പെടെയുള്ള കേസുകൾ രജിസ്റ്റർ ചെയ്യുവാൻ നടപടികൾ കൈക്കൊണ്ടു. അങ്ങനെ 1661 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) 2012 ജനുവരി മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ എത്ര സ്ത്രീകളാണ് സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടിട്ടുള്ളത് ; | (ഡി) | 110 പേർ |
| (ഇ) പ്രായപൂർത്തിയാകാത്ത എത്ര പെൺകുട്ടികളാണ് ഇക്കാലയളവിൽ ലൈംഗിക പീഢനത്തിന് ഇരയായിട്ടുള്ളത് ? | (ഇ) | 365 പെൺകുട്ടികൾ |

സെക്ഷൻ ഓഫീസർ